രാജേഷ്.പി.പി.
III Bsc. Botany

# സിനിമ - കാഴ്ചയുടെ വ്യാകരണം

സമൂഹത്തിന്റെ യഥാർത്ഥ ദുരന്തങ്ങൾ സിനിമയിൽ കാണുമ്പോൾ അത് രുചിക്കാത്ത മറ്റൊരു സമൂഹം കൂടി നമ്മുടെ ഇടയിലുണ്ട്. അത് കൊണ്ടായിരിക്കും ഫയർ എന്ന ചിത്രം റിലീസ് ചെയ്ത നാളുകളിൽ നമ്മുടെ മഹത്തരമായ എന്തൊക്കെയോ തകർന്നുവീണുവെന്ന് പറഞ്ഞ് ഒരു വിഭാഗം മുറവിളി കൂട്ടിയത്.

സിനിമ ഇന്നൊരു ജനകീയ മാധ്യമമാണ്. വർത്തമാനകാല സാഹചര്യത്തിൽ സമൂഹത്തെ സ്വാധീനിക്കുന്ന സിനിമയുടെ ചരിത്രത്തിന് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. നിശബ്ദചിത്രങ്ങളിൽനിന്നു ദൃശ്യ, ശ്രാവ്യ രംഗത്ത് വിപ്ലവാത്മകമായ പുരോഗതി കൈവരിച്ച ഇന്നത്തെ സിനിമയിലേക്കുള്ള ദൂരം ചെറുതല്ല.

ഓരോ മാധ്യമത്തിനും ആശയവിനിമയം നടത്താൻ അതിന്റേതായ ഭാഷയുണ്ട്. മാധ്യമത്തിന്റെതായ ആ ഭാഷയിലൂടെ സംവദിക്കുവാൻ സൃഷ്ടിക്ക് കഴിയുമ്പോഴാണ് അത് ആ മാധ്യമത്തോട് നീതി പുലർത്തി എന്ന് പറയാനാവൂ.

നല്ലതിന്റേയും ചീത്തയുടെയും ഇടയിൽ വീർപ്പുമുട്ടുന്ന സിനിമയുടെ ഭാഷയാണ് വർത്തമാനകാല ചലചിത്രസംസ്കാരത്തിന്റെ ഗതികേട്.

ഈയൊരു ഗതികേടിൽനിന്നും മലയാളസിനിമകൾ മുതൽ സിനിമയുടെ അവസാനവാക്കെന്ന് കരുതുന്ന ഹോളിവുഡ്ഡ് സിനിമകൾ വരെ ഇനിയും മുക്തി നേടിയിട്ടില്ല.

ജനപ്രിയ ചലച്ചിത്രങ്ങളെല്ലാം അവയുടെ സാങ്കേതികപരവും കലാപരവുമായ കഴിവുകൾകൊണ്ട് മാത്രമല്ല, മറിച്ച് കാണികളുടെ ബോധാബോധതലങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും തൃപ്തിപ്പെടുത്താനുപകരിക്കുന്ന ചേരുവകളുടെ സന്നിവേശം കൊണ്ടാണ് വിജയിക്കുന്നത്.

കാവിചുറ്റിയ, നെറുകയിൽ സിന്ദൂരതിലകം ചാർത്തിയ ഒരു ആറാംതമ്പുരാനെയാണ് ഇന്നാവശ്യമെന്ന് പ്രേക്ഷകന്റെ ബോധതലങ്ങളിൽ അവൻ അറിഞ്ഞോ അറിയാതെയോ മേലാളരുടെ കൽപനകൾ വന്നു വീഴുന്നു.



നിളാനദിക്കരയിലെ ഒരു നാലുകെട്ടും, തുളസിത്തറയും വള്ളുവനാടൻ ഭാഷയുടെ ആധിക്യവുമായാൽ മലയാളിത്തമായി എന്നു ഒരു സമൂഹം കരുതുന്നുവെങ്കിൽ അതിനുത്തരവാദികൾ ആരാണ്? സിനിമയിലെ നായകൻ വംശത്തിന്റേയും, കുലമഹിമയുടെയും പേരിൽ ഊറ്റം കൊള്ളുകയും, അത് പ്രേക്ഷകന്റെ മുഖത്ത് നോക്കി തീപാറുന്ന സംഭാഷണങ്ങളാക്കി മാറ്റുകയും ചെയ്യുമ്പോൾ സാക്ഷരതയിലും, സംസ്കാരത്തിലും എന്നും മുന്നിൽ എന്ന് മേനി നടിക്കുന്ന നമ്മൾ മലയാളികളുടെ മനസ്സിലെ വികാരം എന്താണ്?

ഒരു അവാർഡ് പ്രഖ്യാപനവേളയിൽ സ്ഥിരം കൊണ്ടാടപ്പെടുന്ന അവാർഡ് വിവാദയുദ്ധങ്ങളിൽ പ

ങാളികളായി നമുക്ക് പോരടിക്കാം. സിനിമയെ സവർണ്ണതയുടെയും, അവർണ്ണതയുടെയും പ്രതിക്കൂടുകളിൽ മാറ്റിനിർത്തി നമുക്ക് വിചാരണചെയ്യാം. പക്ഷേ രണ്ടു മലയാളികൾ തമ്മിൽ ചേരുമ്പോൾ ഒളിഞ്ഞും, തെളിഞ്ഞും തമ്മിൽ ജാതി ചോദിച്ചറിയുന്ന ഉളുപ്പുകെട്ട ഒരു സംസ്കാരം ഇന്നും നിലകൊള്ളുന്ന നമ്മുടെ നാട്ടിൽ ഇത്തരം സിനിമകൾ തീവെട്ടിക്കൊള്ളകൾ തന്നെ നടത്തുമ്പോൾ നാമെന്തിന് അതിശയിക്കണം....!?

ചടുലമായ സംഭാഷണങ്ങൾ, കുടുകുടെ ചിരിക്കാനുതകുന്ന ഹാസ്യരംഗങ്ങൾ, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കുടുംബജീവിതത്തിലെ താളഭംഗങ്ങൾ അതിഭാവുകത്തോടെ വെള്ളിത്തിരയിൽ അവതരിപ്പിക്കുവാൻ ജനപ്രിയ സിനിമകൾ ശ്രമിക്കാറുണ്ട്. സ്വന്തം ജീവിതത്തിലെ പൊരുത്തക്കേടുകളും, താളഭംഗങ്ങളും വെള്ളിത്തിരയിൽ മൂർത്തമായി കാണുമ്പോൾ പാവം പ്രേക്ഷകൻ പ്രത്യേകിച്ചും സ്ത്രീപ്രേക്ഷകർ) ആത്മസാക്ഷാത്കാരത്തിന്റെ ഉന്നതികളിലെത്താറുണ്ട്. നിത്യജീവിതത്തിലെ യാഥാർത്ഥ്യങ്ങളിൽനിന്ന് തെല്ലിട അകന്നു നില്ക്കുവാനും താല്കാലികമായി ഒരു അഭയകേന്ദ്രം കണ്ടെത്താനും ഇത്തരം സിനിമകൾ സ്ത്രീകളെ സഹായിക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ മലയാളത്തിലെ അതുല്യനടന്മാരായ മമ്മൂട്ടിയും, മോഹൻലാലും ഹരികൃഷ്ണന്മാർ എന്ന വിഡ്ഢി വേഷങ്ങൾ കെട്ടിയാടിയപ്പോൾ ഷണ്ഡത്വം ബാധിച്ച മനസ്സോടെ നമ്മൾ അവരെ ഇരുകയ്യും നീട്ടി സ്വീകരിച്ചത്. ആ ചിത്രത്തിലെ ഒരു നായകനെക്കൊണ്ട് നായികയെ തിരുവനന്തപുരത്തും, മറ്റേ നായകനെക്കൊണ്ട് അതേ നായികയെത്തന്നെ കോഴിക്കോട്ടും സംവിധായകൻ കല്യാണം കഴിപ്പിച്ചപ്പോൾ, ഹാവൂ.... നമ്മൾ പ്രേക്ഷകർക്ക് സമാധാനമായി. രണ്ടാളെയും കുറച്ചുകാണിച്ചില്ലല്ലോ. ഇനി പടം ഉത്തരേന്ത്യയിൽ ഓടുമ്പോൾ ഇവർക്കു രണ്ടുപേർക്കും ഇടയിൽ വേറൊരു വിഡ്ഢിയാൻ കേറി പ്രസ്തുത നായികയെ കെട്ടുമെന്നറിയുന്നു. ഭാഗ്യം! ഇനി ആ ഒരു ദുരന്തവുംകൂടി നമ്മൾ കാണേണ്ടല്ലോ! വെറും മൂന്നുമണിക്കൂർ സമയത്തെ നേരമ്പോക്കായി സിനിമയെ കാണുന്നവർ അവർ അറിയാതെ അവരുടെ മനസ്സിൽ കുടിയേറിയ ഒരു നായികാ സങ്കല്പമുണ്ട് ഈ സിനിമയിൽ. സ്വന്തം വ്യക്തിത്വവും, ഒരു പ്രണയ സങ്കല്പവും പോലുമില്ലാത്ത ഒരു നാലാംകിട നായികാസങ്കല്പം.

സിനിമയിൽ പകർത്തേണ്ടത് ജീവിതമാണ് എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അതേസമയം ജീവിതം സിനിമയിലൂടെ എങ്ങനെ കാണുന്നു എന്നതിൽ അഭിപ്രായവ്യത്യാസവുമുണ്ട്. സമൂഹത്തിന്റെ യഥാർത്ഥ ദുരന്തങ്ങൾ സിനിമയിൽ കാണുമ്പോൾ അത് രുചിക്കാത്ത മറ്റൊരു സമൂഹം കൂടി നമ്മുടെ ഇടയിലുണ്ട്. അത് കൊണ്ടായിരിക്കും ഫയർ എന്ന ചിത്രം റിലീസ് ചെയ്ത നാളുകളിൽ നമ്മുടെ മഹത്തരമായ എന്തൊക്കെയോ തകർന്നുവീണുവെന്ന് പറഞ്ഞ് ഒരു വിഭാഗം മുറവിളി കൂട്ടിയത്. ഇന്ന് ഫയറിനെപോലെത്തന്നെ ഒരു കാലത്ത് മാധവികുട്ടിയുടെ 'ചന്ദനമരങ്ങൾ' വലിയൊരു തീക്കനലായാണ് മലയാളിയുടെ മനസ്സിലേക്ക് വന്നത്. ദാമ്പത്യത്തെക്കുറിച്ച് നമ്മുടെ സമൂഹം മറച്ചുവെച്ച ഒരുപാട് ദുരന്തസത്യങ്ങൾ 'ചന്ദനമരങ്ങൾ' നിർഭയം വിളിച്ചുപറഞ്ഞു. കല്യാണിക്കുട്ടിയുടെ പ്രേമഭാജനമായി മാറിയ, അവളുടെ വായിന്റേ നനവും സ്വാദും തന്റേതായി സ്വീകരിച്ച ഡോക്ടർ ഷീലയുടെ കഥപറച്ചിൽ സ്വവർഗരതിയെ സംബന്ധിക്കുന്ന വെളിപ്പെടുത്തലുകൾ കൊണ്ടല്ല മറിച്ച് ഇന്ത്യൻ സമൂഹത്തിലെ ദാമ്പത്യബന്ധങ്ങളുടെ കാപട്യം തുറന്നു കാണിച്ചുകൊണ്ടാണ്.

'ഫയർ' പ്രദർശിപ്പിക്കുന്ന പ്രദർശനശാലകളിൽ കൂകിവിളിക്കുന്ന പുരുഷാരത്തോട് വിദ്വേഷമരുത്! ഞരമ്പുരോഗികളുടെ കേവലമായ ഇച്ഛാഭംഗങ്ങളോട് കലാപമെന്തിന്?

ഓരോ ഇന്ത്യക്കാരന്റെയും വർത്തമാനകാലജീവിതം വേദനിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമായി നമുക്ക് മുമ്പിലുണ്ട്. അതിനെ മൂടിവെച്ചുകൊണ്ട് ഭാരതീയ സംസ്കാരം എന്ന പുരാവസ്തുവിന്റെ കാവൽഭടനാവാൻ ഒരു കലാകാരന് കഴിയില്ല. മറിച്ച് രാഷ്ട്രീയക്കാരന് അവന്റെ വയറ്റുപ്പിഴപ്പിന് അതാവുകയുമാവാം. ജീവിതമാണ് സിനിമയുടെ എന്നത്തേയും ഭാവി. ജീവിതത്തിന്റെ ചൂടും ചൂരും നിറഞ്ഞ ഒരുപാട് സിനിമകൾ നമുക്ക് മുന്നിലൂടെ കടന്നുപോയിട്ടുണ്ട്.

സമീപകാലത്ത് മലയാളി പ്രേക്ഷകർക്ക് മുമ്പിലെത്തിയ ഗർഷോം, അഗ്നിസാക്ഷി തുടങ്ങിയ സിനിമകൾ ഇത്തരം സിനിമകൾക്ക് ഉദാഹരണമായെടുക്കാം. (അവാർഡ് കലാപങ്ങൾക്ക് തൽക്കാലം വിട). മൂന്നാം ലോകത്തിലെ ചെറുപ്പക്കാരന്റെ കഥയാണ് ഗർഷോം പറയുന്നതെങ്കിൽ ലളിതാംബിക അന്തർജനത്തിന്റെ 'അഗ്നിസാക്ഷി' എന്ന നോവലിന്റെ സിനിമാവിഷ്കാരമാണ് അഗ്നിസാക്ഷി. ഗർഷോമിലെ പ്രവാസിയായ നായകനെ അവതരിപ്പിച്ചിരിക്കുന്നത് അഭിനയത്തികവിന്റെ ഗുരുവായ മുരളിയാണ്.

ചിത്രത്തിലെ നാസിറുദ്ദീൻ എന്ന നായകൻ പ്രേക്ഷകമനസ്സിൽ സൃഷ്ടിക്കുന്ന വലിയൊരു ഉത്കണ്ഠയുണ്ട്, ഈ ലോകത്ത് തന്റെ അല്ലെങ്കിൽ തങ്ങളുടെ അസ്തിത്വത്തെക്കുറിച്ചുള്ള ഗൗരവമേറിയ ഒരു ചിന്ത. പ്രവാസിജീവിതം മടുത്ത് സ്വന്തം മണ്ണിൽ ജീവിതം പച്ചപിടിപ്പിക്കാൻ ശ്രമിക്കുന്ന നാസിറുദ്ദീൻ, സ്വന്തം മണ്ണിൽപോലും അവനെ ജീവിക്കാനനുവദിക്കാത്ത കാപട്യം നിറഞ്ഞ സമൂഹം.

ഒടുവിൽ ചെയ്യുന്ന ജോലിയിലും, സ്വന്തം ജീവിതത്തിൽ പോലും പരാജയപ്പെട്ട് സകലതും വിറ്റുപെറുക്കി മണൽ നാടുകളിലേക്ക് തിരിക്കുന്ന നാസിറുദ്ദീൻ. തികച്ചും മുസ്ലീം പശ്ചാത്തലത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഈ സിനിമ ഒരു മുസ്ലീം സിനിമയല്ല. ഇതിൽ കെട്ടുറപ്പുള്ള ഒരു കഥയുണ്ട്. പ്രണയമുണ്ട്. എല്ലാറ്റിനുമുപരി മൂന്നാംലോകത്തിലെ ഒരു ഇടത്തരക്കാരന്റെ ഹൃദയസ്പർശിയായ ജീവിതമുണ്ട്.

പലതവണ നമുക്ക് മുമ്പിൽ അവതരിപ്പിച്ച പ്രമേയമാണെങ്കിലും ശ്യാമപ്രസാദിന്റെ അഗ്നിസാക്ഷി അവതരണശൈലിയിലൂടെ മുന്നിൽതന്നെ നിൽക്കുന്നു. ഒരുകാലത്ത് ഒട്ടനവധി അനാചാരങ്ങളുടെ കൈപിടിയിലമർന്നു നിൽക്കുന്ന ബ്രാഹ്മണ്യത്തോട് തേതിക്കുട്ടി എന്ന അന്തർജനം ഉയർത്തുന്ന മാറ്റത്തിന്റെ സമരമുഖമാണ് അഗ്നിസാക്ഷിയിലൂടെ നാം കാണുന്നത്.

മുമ്പ് ജീവിതത്തിന്റെ ഇടനാഴികളിലൂടെ ക്യാമറയും തൂക്കി നടന്നിരുന്ന ഒരു 'ഭ്രാന്തൻ സിനിമാക്കാര'നുണ്ടായിരുന്നു നമ്മുടെ ഇടയിൽ. ജോൺ എബ്രഹാം! ഒരിക്കൽ ജോൺ പറഞ്ഞു "സാധാരണക്കാരനുവേണ്ടിയുള്ളതാണ് എന്റെ സിനിമ. പട്ടിണികിടന്ന് മരിക്കുകയാണെങ്കിൽപോലും കൊമേഴ്സ്യൽ സിനിമയിലേക്ക് ഞാനില്ല."

പ്രേക്ഷകന്റെ പോക്കറ്റ് മുന്നിൽ കണ്ട് സിനിമയെടുക്കുന്ന സിനിമാക്കാരനോട് ഒരഭ്യർത്ഥന. മേലുദ്ധരിച്ച സാഹസമൊന്നും ചെയ്യേണ്ടെങ്കിലും സിനിമ ജീവിതമായിരിക്കണം.... പ്രണയത്തെ കല്ലെറിയരുത്. □

ഷംസുദ്ദീൻ – പ്രവീൺകുമാർ
IInd BA Malayalam

പങ്കെടുക്കുന്നവർ
ജയരാജ്
പത്മശ്രീ ഭരത്ഗോപി
പി.ടി. കുഞ്ഞുമുഹമ്മദ്
എം.പി. സുകുമാരൻനായർ

ശർമ്മേന്ദ്രൻ (സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി)
ജൗഹറ (പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്)
സജീഷ് (ജേർണലിസം വിദ്യാർത്ഥി)
രോവിത് (മടപ്പള്ളി ഗവ. കോളേജ്, മടപ്പള്ളി)
ഷമീർ (ഫാറൂഖ്കോളേജ്)
രാജേഷ്. പി. (ഫാറൂഖ്കോളേജ്)
രതീഷ് (എസ്.എൻ. കോളേജ്, ചേളന്നൂർ)
റഫീഖ് (എം.ഇ.എസ് കല്ലടി കോളേജ്, മണ്ണാർക്കാട്)
ശ്രീലിമ (കേരളവർമ്മ കോളേജ്, തൃശൂർ)
തുഷാര (മലബാർ ക്രിസ്ത്യൻ കോളേജ്,

# സിനിമയുടെ വർത്തമാനം

നമ്മുടെ സമൂഹത്തെ വളരെയേറെ സ്വാധീനിക്കുന്ന ഒരു മാധ്യമമായി സിനിമ ഇന്ന് വളർന്നിരിക്കുന്നു. കൂടുതലായും സിനിമകൾ സ്വാധീനിക്കുന്നത് കാമ്പസുകളേയാണ് എന്നതാണ് യാഥാർത്ഥ്യം. എന്നാൽ സിനിമയെ ഗൗരവത്തോടെ കാണുന്ന വിദ്യാർത്ഥികൾ നമുക്കിടയിൽ എത്രപേരുണ്ട്. എങ്ങിനെയാണ് സിനിമയുടെ നന്മ – തിന്മകൾ വേർതിരിച്ചറിയുക? കാമ്പസുകളിൽ ഒരു 'പുതിയ' സിനിമാ സംസ്കാരം വളർത്തിയെടുക്കാൻ എന്തൊക്കെയാണ് ചെയ്യേണ്ടത്?

ഇവിടെ സിനിമകളെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ വിലയിരുത്തുന്നത് കേരളത്തിലെ പ്രഗത്ഭരായ സിനിമാ പ്രവർത്തകരും തിരഞ്ഞെടുത്ത കോളേജുകളിലെ വിദ്യാർത്ഥിപ്രതിനിധികളുടമാണ്.

കാമ്പസ് ഇന്ന് വളരെയേറെ മാറിയിരിക്കുന്നു എന്നാണ് പൊതുഅഭിപ്രായം. സാർത്രും കാഫ്കയും ചങ്ങമ്പുഴയും നിറഞ്ഞ് നിന്നിരുന്ന എഴുപതുകളിലെ കാമ്പസുകളിൽ സിനിമയും കലയും സജീവമായി ചർച്ച ചെയ്യപ്പെട്ടിരുന്നു എന്ന അഭിപ്രായം എത്രത്തോളം ശരിയാണ്.

തൊണ്ണൂറ്റിഎട്ടിലെ ഏറ്റവും നല്ല സംവിധായകനുള്ള സംസ്ഥാന അവാർഡ് നേടിയ 'ഗർഷോ'മിന്റെ സംവിധായകൻ പിടി കുഞ്ഞുമുഹമ്മദ് ഈ അഭിപ്രായത്തോട്

“ എല്ലാകാലത്തും നല്ല സിനിമകളെ ആസ്വദിച്ചിരുന്നതും അതിനെപ്പറ്റി ചർച്ചചെയ്തിരുന്നതും ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. അതുകൊണ്ടതന്നെ നല്ലസിനിമയെ സ്നേഹിക്കുന്ന ഒരു ന്യൂനപക്ഷം ഇന്നും നമുക്കിടയിലുണ്ട്. ”



# അന്വേഷണം

പ്രതികരിക്കുന്നതിങ്ങനെ:"എല്ലാകാലത്തും നല്ല സിനിമകളെ ആസ്വദിച്ചിരുന്നതും അതിനെപ്പറ്റി ചർച്ചചെയ്തിരുന്നതും ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. അതുകൊണ്ട്തന്നെ നല്ലസിനിമയെ സ്നേഹിക്കുന്ന ഒരു ന്യൂനപക്ഷം ഇന്നും നമുക്കിടയിലുണ്ട്." കുഞ്ഞുമുഹമ്മദിന്റെ ഈ അഭിപ്രായത്തെ ചോദ്യം ചെയ്യുകയാണ് സെന്റ് ജോസഫ് കോളേജിലെ ഡിഗ്രി അവസാനവർഷ വിദ്യാർത്ഥിയായ ശർമ്മേന്ദ്രൻ"എന്റെ കേട്ടറിവനുസരിച്ച് കാമ്പസുകളുടെ വസന്തകാലമായിരുന്നു എഴുപത് കാലഘട്ടം. ചുള്ളിക്കാടിനെപ്പോലുള്ള ഒരുപാട് കവികൾ എഴുപതികളുടെ സൃഷ്ടിയാണ്. അന്ന് സിനിമയെയും സാഹിത്യത്തെയും കുറിച്ച് സജീവമായി ചർച്ചചെയ്യാനുള്ള വേദികൾ കാമ്പസ്സുകളിൽ ധാരാളമുണ്ടായിരുന്നു. എന്നാലിന്ന് വരണ്ടുണങ്ങിയ ഒരവസ്ഥയിലൂടെയാണ് നമ്മുടെ കാമ്പസുകൾ കടന്നുപോകുന്നത്. റാങ്ക് നേടുകയും ജോലി കിട്ടലും മാത്രമാണ് ഇന്നത്തെ വിദ്യാർത്ഥികളുടെ ലക്ഷ്യം. ഓരോ വിദ്യാർത്ഥിയും അവരവരിലേക്ക് ചുരുങ്ങിപ്പോകുന്ന ഇന്നത്തെ ദുരന്താവസ്ഥയിൽ സിനിമയെയും കലയെയും കുറിച്ച് ചർച്ച ചെയ്യാൻ എവിടെയാണ് നേരം"

സമൂഹത്തിന്റെ പ്രതിഫലനമാണ് കാമ്പസ്സുകൾ എന്നാണല്ലോ? കലുഷമായ ജീവിതയാഥാർത്ഥ്യങ്ങൾക്കിടയിൽ ഇന്നിന്റെ കാമ്പസ് പ്രതിനിധിയായ ശർമ്മേന്ദ്രന്റെ അഭിപ്രായത്തെ നമ്മൾ ഗൗരവത്തോടെയല്ലേ കാണേണ്ടത്? "കാമ്പസ് ഇന്ന് വളരെയേറെ മാറിയിരിക്കുന്നു. മാധ്യമങ്ങളാണ് ഇതിൽ പ്രധാനപങ്ക് വഹിക്കുന്നത്. മീഡിയയുടെ അതിപ്രസരംകൊണ്ട് ലോകത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള ഫാഷനും നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ മുമ്പിലെത്തുന്നു. അമേരിക്കയെപ്പോലുള്ള വിദേശരാജ്യങ്ങളുടെ സംസ്കാരം നല്ലതോ ചീത്തയോ എന്ന് പരിശോധിക്കാതെ നാം ഇന്ത്യക്കാർ സ്വീകരിക്കുന്നു. ഇത്തരം മാറ്റങ്ങൾ പെട്ടെന്ന് സ്വീകരിക്കുന്നത് കാമ്പസ്സുകളാണ്. ഈയൊരു മാറിയ അവസ്ഥയിൽ ഇന്നത്തെ കാമ്പസ്സുകൾ സിനിമയെയും സാഹിത്യത്തെയും ചർച്ചചെയ്യുന്നില്ല എന്നതിൽ അത്ഭുതപ്പെടാനില്ല." ഈ അഭിപ്രായം കളിയാട്ടം എന്ന ചിത്രത്തിലൂടെ ഇന്ത്യയിലെ നല്ല സംവിധായകനുള്ള ദേശീയപുരസ്കാരം നേടിയ ജയരാജിന്റേതാണ്.



ഇവിടെ ജയരാജും ശർമ്മേന്ദ്രനും ഏകദേശം ഒരേ ആശയം പ്രകടിപ്പിക്കുമ്പോൾ ഇതിൽനിന്നൊക്കെ തീർത്തും വ്യത്യസ്തമായി ചിന്തിക്കുകയാണ് പ്രൊവിഡൻസ് കോളേജിലെ ഡിഗ്രി വിദ്യാർത്ഥിനിയായ ജൗഹറ – "പഴയതിനെ പുകഴ്ത്തിപ്പറയുക എന്നത് മലയാളികളുടെ സ്റ്റൈലാണ്. കാലത്തിനൊത്ത ചേയ്ഞ്ച് മാത്രമാണ് ഇന്നത്തെ കാമ്പസിനും വന്നിട്ടുള്ളത്. നമ്മുടെ സൊസൈറ്റിക്കും ചെയ്ഞ്ച് വന്നിട്ടുണ്ട് എന്നത് വിസ്മരിച്ചുകൂടാ. ഇന്ന് കാമ്പസ് സജീവം തന്നെയാണ്."

പഴമയെ പൂർണ്ണമായി കയ്യൊഴിഞ്ഞ് വെറും വർത്തമാനത്തിൽമാത്രം നിലനിൽക്കാൻ നമുക്ക് കഴിയുമോ? ജൗഹറ അഭിപ്രായപ്പെട്ടതുപോലെ ഒരു പൊളിച്ചെഴുത്തിന് നമ്മുടെ സമൂഹം തയ്യാറാണോ?

> "മാറ്റം അനിവാര്യമാണ്. സിനിമയെയും നാടകത്തെയും ഗൗരവത്തോടെ പഠിക്കാൻ നമ്മുടെ കാമ്പസ്സുകൾ ഇനിയും സജീവമാകേണ്ടിയിരിക്കുന്നു. കോളേജുകളിൽ സിനിമ പഠിപ്പിക്കണം. അത് സ്ക്കൂളുകളിൽ തുടങ്ങുകയും വേണം."

കൊടിയേറ്റം എന്ന ആദ്യസിനിമയിലെ അഭിനയത്തിനുതന്നെ ഇന്ത്യയിലെ ഏറ്റവും നല്ല നടനുള്ള ഭരത് അവാർഡ് നേടിയ പത്മശ്രീ ഭരത് ഗോപി തന്റെ ദർശനങ്ങളെ നമുക്കു മുമ്പിൽ നിരത്തുന്നതിങ്ങനെയാണ്. "മാറ്റം അനിവാര്യമാണ്. സിനിമയെയും നാടകത്തെയും ഗൗരവത്തോടെ പഠിക്കാൻ നമ്മുടെ കാമ്പസ്സുകൾ ഇനിയും സജീവമാകേണ്ടിയിരിക്കുന്നു. കോളേജുകളിൽ സിനിമ പഠിപ്പിക്കണം. അത് സ്ക്കൂളുകളിൽ തുടങ്ങുകയും വേണം. SSLCയും ഡിഗ്രിയും പഠിക്കുന്ന കുട്ടികൾ നാടകം സിനിമ എന്നിവയും പഠിക്കണം. ഗവൺമെന്റ് ഇതിനുവേണ്ട പ്രോത്സാഹനം നൽകണം." ജേർണലിസം വിദ്യാർത്ഥിയും 'മാക്ട'യുടെ ചലച്ചിത്രകളരി വിദ്യാർത്ഥിയുമായ സജീഷിന്റെ നിരീക്ഷണത്തിൽ "സിനിമ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇന്ന് ഏറ്റവും പോപ്പുലറായ മീഡിയയാണ് സിനിമ. സിനിമയെക്കുറിച്ച് നല്ലരീതിയിലുള്ള അവബോധം വിദ്യാർത്ഥികൾക്കുണ്ടാകാൻ ഇങ്ങനെ ഒരു പാഠ്യപദ്ധതി അനിവാര്യമാണ്. അവസരങ്ങൾ ലഭിക്കാതെ കാമ്പസുകളിൽ ഒതുങ്ങിപ്പോകുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവിനെ ഉയർത്തിക്കൊണ്ടുവരാൻ ഇത്തരം സംരംഭങ്ങൾ സഹായകമാകും.

സിനിമയെ ഗൗരവമായി കാണുന്നതിനും പഠിക്കുന്നതിനും അവസരങ്ങൾ ലഭിക്കണമെങ്കിൽ സിനിമകൂടി ഉൾപ്പെടുന്ന ഒരു പാഠ്യപദ്ധതി നിലവിൽവരേണ്ടതല്ലേ?

"നല്ല സിനിമയെ ഗൗരവത്തോടെ കാണുന്ന ചുരുക്കംപേർ അന്നും ഇന്നും നമുക്കിടയിലുണ്ട്. ഭൂരിപക്ഷം പ്രേക്ഷകരുടെയും സിനിമാസങ്കല്പം വികലമാണ്. ഗാന്ധിജി സിനിമയെ ചൂതാട്ടത്തോടാണുപമിച്ചത്. എന്നാൽ ഹിറ്റ്ലർ സിനിമയെ എന്നും പ്രോത്സാഹിപ്പിച്ചിരുന്നു. 'കഴക'ത്തിലൂടെ മികച്ച സംവിധായകനുള്ള സംസ്ഥാന അവാർഡ് നേടിയ എം.പി. സുകുമാരൻനായരാണ് ഇങ്ങനെ വിലയിരുത്തിയത്. മടപ്പള്ളി ഗവൺമെന്റ് കോളേജിലെ ഡിഗ്രി വിദ്യാർത്ഥി രോവിത് ഇങ്ങനെ പറയുന്നു. "ഇന്ന് നമ്മുടെ കോളേജുകളിൽ അടിപൊളി പടങ്ങളെക്കുറിച്ച് മാത്രമാണ് ചർച്ചകൾ നടക്കുന്നത്. സീരിയസ്സായി സിനിമയെ കാണുന്നവർ ഇന്ന് വിരലിലെണ്ണാവുന്നവർ മാത്രമാണ്.

സുകുമാരൻനായരുടെ അഭിപ്രായത്തിന് അടിവരയിടുകയാണ് രോവിത്. കാമ്പസ്സുകൾ സിനിമയെ സജീവമായി ഉൾക്കൊണ്ടുണരാൻ ഇനിയും വൈകിക്കൂടാ എന്നല്ലേ ഈ അഭിപ്രായങ്ങൾ വിരൽ ചൂണ്ടുന്നത്.

വർത്തമാനകാല സാഹചര്യത്തിൽ സിനിമ വിദ്യാർത്ഥികളെ വളരെയേറെ സ്വാധീനിക്കുന്ന ഒരു മാധ്യമമാണല്ലോ. എന്നാൽ ഇത് നമ്മുടെ യുവത്വങ്ങളെ വഴിതെറ്റിക്കുന്ന ഒരു പ്രവണത കൂടി വരുന്നില്ലേ?

ജയരാജിന്റെ വീക്ഷണത്തിൽ ഈ വാദം പൊള്ളയാണ്. "നല്ലത് സ്വീകരിക്കാനും ചീത്ത തള്ളാനുമുള്ള കഴിവ് യുവതലമുറ നേടിയെടുക്കേണ്ടതുണ്ട്"

ഈ വീക്ഷണത്തെ ഖണ്ഡിക്കുകയാണ് ഫാറൂഖ് കോളേജിലെ അവസാനവർഷ ബിഎ മലയാളം വിദ്യാർത്ഥിയായ ഷമീർ "ഇന്നത്തെ സാഹചര്യത്തിൽ കമേഴ്സ്യൽ സിനിമകൾ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നു. പുകവലി, മയക്കുമരുന്ന്, മദ്യം തുടങ്ങിയ ദുഷ്പ്രവർത്തനങ്ങളിലേക്ക് വിദ്യാർത്ഥികളെ സിനിമ വലിച്ചിഴക്കുന്നു."

കേരളത്തിലെ ഒരു നഗരത്തിൽ ഒരാഴ്ച സിനിമാപ്രദർശനം മുടങ്ങിയപ്പോൾ അവിടുത്തെ കുറ്റകൃത്യങ്ങൾ ഗണ്യമായി വർദ്ധിച്ചു എന്ന് പോലീസ് റിപ്പോർട്ട്. ഇത് സിനിമയും സാമൂഹിക ജീവിതവും തമ്മിലുള്ള ഇഴമുറിയാത്ത ബന്ധത്തെയല്ലേ സൂചിപ്പിക്കുന്നത്. നമ്മുടെ ചുറ്റുപാടുകൾ സാമൂഹ്യവ്യവസ്ഥ എന്നിങ്ങിനെയുള്ള കാര്യങ്ങളാൽ വ്യാപകമായ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ചലച്ചിത്രമാധ്യമത്തിനുള്ള പങ്ക് മറ്റൊരു കലക്കു അവകാശപ്പെടാനില്ല.



> "നല്ല സിനിമയെ ഗൗരവത്തോടെ കാണുന്ന ചുരുക്കംപേർ അന്നും ഇന്നും നമുക്കിടയിലുണ്ട്. ഭൂരിപക്ഷം പ്രേക്ഷകരുടെയും സിനിമാസങ്കല്പം വികലമാണ്. ഗാന്ധിജി സിനിമയെ ചൂതാട്ടത്തോടാണുപമിച്ചത്. എന്നാൽ ഹിറ്റ്ലർ സിനിമയെ എന്നും പ്രോത്സാഹിപ്പിച്ചിരുന്നു."

## സിനിമയും സമൂഹവും

സിനിമ ഈ നൂറ്റാണ്ടിന്റെ കലയാണ് എന്ന് അഭിപ്രായപ്പെട്ടത് ലെനിനാണ്. അതാത് കാലഘട്ടത്തിന്റെ പരിഛേദമാണ് ഓരോ കലയും പ്രതിഫലിപ്പിക്കുന്നത്. ഇന്നത്തെ സമൂഹത്തിന്റെ എല്ലതലത്തിലുമുള്ള മൂല്യച്യുതികളും ഇന്നിന്റെ കലകളിൽ കണ്ടെടുക്കാം. എന്നിരുന്നാലും സമൂഹത്തിന്റെ ഇത്തരം പ്രവണതകൾക്കെതിരെ ഒരു കലാകാരൻ തന്റെ സൃഷ്ടിയിലൂടെ എത്രത്തോളം പ്രതികരിക്കുന്നു എന്നത് ഒരു പുനർചിന്തനത്തിന് വിധേയമാക്കേണ്ടതല്ലേ?

ഇതിനോടുള്ള ജയരാജിന്റെ പ്രതികരണം ഇങ്ങനെ. എല്ലാ സിനിമകൾക്കും സമൂഹത്തോട് കൂറുപുലർത്താൻ കഴിയില്ല. ചുരുക്കം ചില സിനിമകൾ മാത്രമാണ് സമൂഹത്തോട് പ്രതിബദ്ധത കാണിക്കുന്നത്. ഈ അഭിപ്രായത്തിൽനിന്നും അല്പം വ്യത്യസ്തമായി ഫാറൂഖ് കോളെജ് ഡിഗ്രി വിദ്യാർത്ഥി രാജേഷ് തന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നു. സിനിമ സമൂഹത്തിന്റെ മൊത്തം സുഖദു:ഖങ്ങളെയാണ് പ്രതിഫലിപ്പിക്കേണ്ടത്. ഇന്നത്തെ സിനിമയുടെ കഥാതന്തു ഒരു കുടുംബത്തിലോ ഒരു വ്യക്തിയിലോ കേന്ദ്രീകരിക്കുന്നു. അവരുടെ സുഖദു:ഖങ്ങൾ ഏറ്റുവാങ്ങാൻ വേണ്ടി മാത്രം വിധിക്കപ്പെടുന്ന പ്രേക്ഷകൻ. ഈ ഒരവസ്ഥക്ക് മാറ്റം വരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഇതിന് കാരണമായത് കച്ചവടതാല്പര്യം മാത്രം മുൻനിർത്തിയുള്ള സിനിമാപ്രവർത്തനമാണ്. ഇത്തരത്തിലുള്ള ഗതികേടിനും രണ്ടുവശമുണ്ടെന്ന് പറയാം. ഒന്ന്. നല്ല സിനിമകൾ പ്രേക്ഷകനിൽനിന്നും അകന്ന്പോകുന്നു. മറ്റൊന്ന് കലാകാരന്റെ വയറ്റ്പ്പിഴപ്പ് എന്ന പ്രശ്നം. ഇന്നത്തെ ശരാശരി സിനിമാസ്വാദകർക്കും ഇത്തരം സിനിമകളിലല്ലേ താല്പര്യം. ആശാനും, ആനന്ദും, ബാറ്റൺബോസും, കലൂർഡെന്നീസും ചേർന്നതാണ് ഇന്നത്തെ മലയാളസാഹിത്യം എന്ന് ആരെങ്കിലും പറഞ്ഞാൽ നമുക്ക് നിഷേധിക്കാനാകുമോ?

സമൂഹത്തോട് പ്രതിബദ്ധത പുലർത്തുന്ന സിനിമകൾ ഇന്ന്

ചുരുക്കം മാത്രമേ ഇറങ്ങുന്നുള്ളൂ. ഇറങ്ങുന്ന പടങ്ങൾതന്നെ വിജയിക്കാത്തത് സിനിമാനിർമ്മാതാക്കളെ ഇത്തരം പടങ്ങൾ എടുക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നതിന് കാരണമാകുന്നില്ലേ?

"നല്ല സിനിമക്ക് വ്യവസായ രീതിയിലുള്ള സിനിമാ സംസ്കാരം ഗുണം നൽകുന്നില്ല. മുടക്കുന്ന മുതൽ തിരിച്ചുകിട്ടണം എന്നത് ഏതൊരു നിർമ്മാതാവിന്റെയും ആഗ്രഹമാണ്. വലിയ മുതലാളിമാർക്കാകട്ടെ മുതലിനൊപ്പം വലിയ ലാഭവും കിട്ടണം."– ഭരത്ഗോപി പറയുന്നു.

ചേളന്നൂർ എസ്എൻ കോളേജിലെ മൂന്നാംവർഷ ബിരുദ വിദ്യാർത്ഥി രതീഷ് ഈ അഭിപ്രായത്തെ നോക്കിക്കാണുന്നതിങ്ങനെ - "ഇറങ്ങുന്ന സിനിമകളിലധികവും വെറും തട്ടുപൊളിപ്പനാണ്. സാധാരണക്കാരന്റെ മൃദുലവികാരങ്ങളെ ചൂഷണം ചെയ്ത് അവനെ കൊള്ളയടിക്കുന്ന ഒരു സിനിമാസമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. സമൂഹത്തിനോട് അല്പംപോലും കടപ്പാടില്ലാതെ സ്വന്തം കീശണാത്രം ലക്ഷ്യമാക്കി പടമെടുക്കുന്ന ഓരോ സിനിമക്കാരനും ഇന്നത്തെ സമൂഹത്തിന് സംഭവിക്കുന്ന മൂല്യച്യുതിക്ക് ഉത്തരം പറയേണ്ടിയിരിക്കുന്നു. ആർട്ട് സിനിമയും കമേഴ്സ്യൽ സിനിമയും കൂട്ടിച്ചേർത്ത് ഒരു പുതിയ സിനിമാ സംസ്കാരത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാവുന്നതാണ്.

ഇതിനെതിരെ എം.പി. സുകുമാരൻനായർ വാദിക്കുന്നു. "കമേഴ്സ്യലും ആർട്ടും രണ്ടും രണ്ടാണ്. ഇത് രണ്ടും കൂട്ടിച്ചേർത്ത് ആണും പെണ്ണും കെട്ട 'ഹിജഡ' മാത്രമാണ്. നമ്മുടെ കഥകളിയും ബ്രേക്ക് ഡാൻസും കൂട്ടിച്ചേർത്താൽ എങ്ങനെയിരിക്കും?"

നല്ല സിനിമ ചീത്തസിനിമ വാദത്തിനിടക്ക് നമ്മുടെ സിനിമ ചക്രശ്വാസം വലിക്കുമ്പോൾ വേനലിലെ മഴത്തുള്ളിപോലെ എത്തുന്ന ചില സിനിമകൾ നമുക്ക് ആശ്വാസം പകരുന്നില്ലേ.

സിനിമയുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റിത്തന്നെയാണ് പി ടി കുഞ്ഞുമുഹമ്മദിന് അഭിപ്രായപ്പെടാനുള്ളത്. "സമൂഹത്തിൽനിന്നുണ്ടാകുന്ന കലയാണ് സിനിമ. അതുകൊണ്ട്തന്നെ സിനിമക്ക് സമൂഹത്തോട് കടപ്പാടുണ്ട്. മീഡിയയിലുണ്ടാകുന്ന മാറ്റം സമൂഹത്തെ സ്വാധീനിക്കുന്നു.

മണ്ണാർക്കാട് എംഇഎസ് കോളേജിലെ ബിഎസ്സി അവസാനവർഷ വിദ്യാർത്ഥി റഫീക്ക് നിസ്സംഗതയോടെ ഇങ്ങനെ പറയുന്നു –'എന്റെ സൂര്യപുത്രിക്ക്' എന്ന സിനിമ കണ്ട് പെൺകുട്ടികൾ ഒളിച്ചുപോകുകയും 'ശക്തിമാൻ' രക്ഷക്കെത്തുമെന്ന് കരുതി ജീവിതം ഹോമിച്ച കുട്ടിയും... ഇങ്ങനെയൊരുപാട് ദുരന്തങ്ങൾ സിനിമ നമുക്ക് സംഭാവന ചെയ്തിട്ടുണ്ട്. കണ്ണിനെ മഞ്ഞളിപ്പിക്കുന്ന വസ്ത്രങ്ങളും ചുണ്ടിൽ ലിപ്സ്റ്റിക്കും നീട്ടിയ നഖങ്ങളിലണിഞ്ഞ നെയിൽപോളിഷും ട്രഡ് ചെയ്ത പുരികക്കൊടികളും ഇതാണിന്നത്തെ സുന്ദരി. അതുപോലെ ഇറുകിയ ജീൻസും നിലംതൊടാതെ പായുന്ന ബൈക്കും ഇതാണ് നമ്മുടെ സുന്ദരൻ. ഇതൊക്കെയല്ലേ സിനിമ നമുക്ക് തരുന്നത്..."

നിസ്സംഗതയോടെയാണ് റഫീഖ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചതെങ്കിലും വളരെ ഗൗരവത്തോടെയല്ലേ നാം ഇതിനെ നോക്കിക്കാണേണ്ടത്.

> "പണ്ട് കാമ്പസുകളിലെ പ്രണയം തീവ്രമായിരുന്നു. പ്രണയത്തിന്റെ എല്ലാ അവസ്ഥയും അന്ന് കമിതാക്കൾ അനുഭവിച്ചിരുന്നു. അന്ന് പ്രണയികൾ മരത്തടിയിൽ കൊത്തിവച്ചപേര് ഇന്നും മായാതെ നിത്യസ്മാരകമെന്നോണം നിലനിൽക്കുന്നതായി കാണാം."



## കഥയില്ലായ്മകൾ

ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പ്രധാനവിഷയമാണ് സിനിമയിലെ നല്ല കഥകളുടെ അഭാവം. ഒരു പടമിറങ്ങിയാൽ അതിനെ ചുവടുപിടിച്ച് ഒരുപാട് പടങ്ങളിറങ്ങുന്ന ഒരു രീതി ഇന്ന് സാധാരണമാണ്. ഇത് സിനിമയുടെ വളർച്ച മുരടിപ്പിക്കുകയില്ലേ. ജയരാജ് പറയുന്നു:"സിനിമയിൽ കഥയില്ലായ്മ എന്ന വാദം പൊള്ളയാണ്. കഥയല്ല നല്ല തിരക്കഥയുടെ അഭാവമാണ് സിനിമയുടെ ശാപം. ഒരു മോശം സംവിധായകനുപോലും നല്ല ഒരു തിരക്കഥ കിട്ടിയാൽ നല്ല ഒരു സിനിമയെടുക്കാം എന്നാൽ 'ഒരു നല്ല സംവിധായകന് ഒരു മോശ തിരക്കഥ കിട്ടിയാൽ ഒരിക്കലും ഒരു നല്ല പടമെടുക്കാൻ കഴിയില്ലെന്ന്' കുറസോവ പറഞ്ഞിട്ടുണ്ട്. സിനിമ സംവിധായകന്റെ മാത്രം കലയല്ല. തിരക്കഥാകൃത്തും നല്ലൊരു പങ്കുവഹിക്കുന്നുണ്ട്. മാത്രമല്ല സിനിമയിൽ പ്രവർത്തിക്കുന്ന ഓരോ അംഗവും ആ സിനിമയുടെ ജയപരാജയത്തിന് കാരണമാണ്. പക്ഷേ, കപ്പൽ മുങ്ങിയാൽ കപ്പിത്താൻ മാത്രം കുറ്റക്കാരൻ എന്നതുപോലെ പടം പൊട്ടിയാൽ കുറ്റം മുഴുവൻ സംവിധായകനുമാത്രമാകുന്നു.

ഈ വാദത്തെ തൃശൂർ കേരളവർമ്മ കോളേജിലെ ശ്രീലിമ

യുടെ കണ്ണിലൂടെ നോക്കിക്കാണുമ്പോൾ "ഇന്നിറങ്ങുന്ന പല പടങ്ങളും ഏതെങ്കിലു?ം ഒരു പടത്തിന്റെ ഫോട്ടോസ്റ്റാറ്റുകളാണ്. ചില ഫോർമുലകൾ അടിസ്ഥാനമാക്കിയാണ് ഇത്തരം സിനിമകൾ എടുക്കുന്നത്. അതുകൊണ്ടാണ് പല പടങ്ങളും ടൈപ്പുകളായി മാറുന്നത്. ഇത് ആരോഗ്യകരമായ ഒരു കീഴ്‌വഴക്കമല്ല."

കഥയില്ലായ്മ എന്ന വാദം പൊള്ളയാണ് എന്ന പക്ഷക്കാരനാണ് പി ടി കുഞ്ഞുമുഹമ്മദും ഭരത്ഗോപിയും സുകുമാരൻനായരും. എങ്കിലും സമീപകാലത്തിറങ്ങിയ പല മലയാളസിനിമകളും മറ്റ് അന്യഭാഷാ ചിത്രങ്ങളുടെയോ മലയാളത്തിന്റെ തന്നെയോ പകർപ്പുകളല്ലേ?

## പ്രണയത്തെക്കുറിച്ച്...

"പണ്ട് കാമ്പസുകളിലെ പ്രണയം തീവ്രമായിരുന്നു. പ്രണയത്തിന്റെ എല്ലാ അവസ്ഥയും അന്ന് കമിതാക്കൾ അനുഭവിച്ചിരുന്നു. അന്ന് പ്രണയികൾ മരത്തടിയിൽ കൊത്തിവച്ചപേര് ഇന്നും മായാതെ നിത്യസ്മാരകമെന്നോണം നിലനിൽക്കുന്നതായി കാണാം. പണ്ട് പ്രണയം കാമ്പസ്സുകളിൽ ഒതുങ്ങി നിന്നിരുന്നു. കാമ്പസ്സിന്റെ ചുമരുകൾക്കുള്ളിൽ അവർ സുരക്ഷിതരായിരുന്നു. ഇന്ന് കോഴ്സിന്റെ ദൈർഘ്യത്തിനനുസരിച്ച് പ്രണയം പരിമിതപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട്തന്നെ ഇന്നത്തെ പ്രണയിനികൾ സിനിമക്കും ടൂറിനും പോകുമ്പോൾ സുരക്ഷിതത്വത്തിന്റെ വേലിക്കെട്ടിനപ്പുറം കടക്കുന്നു." ജയരാജ് മാറിനിന്ന് ഇന്നത്തെ കാമ്പസ് പ്രണയങ്ങളെ വിലയിരുത്തുകയാണ്.

മലബാർ കിസ്ത്യൻ കോളേജിലെ ഡിഗ്രി വിദ്യാർത്ഥിനി തുഷാര കാമ്പസ് പ്രണയത്തെ വിലയിരുത്തുന്നതിങ്ങനെ. "നുരഞ്ഞുപൊങ്ങുന്ന ഒരു ബോട്ടിൽ പെപ്സിയിലോ ഒരു കപ്പ് ഐസ്ക്രീമിലോ ഒതുങ്ങുന്നു ഇന്നത്തെ കലാലയപ്രണയം; 'പ്രേമിക്കാൻവേണ്ടി പ്രേമിക്കുന്ന'വരാണ് ഇന്നധികവും. ഇന്ന് പ്രണയം കമ്പോളവൽക്കരിക്കപ്പെട്ടിരിക്കുന്നു. പ്രണയം പലപ്പോഴും സെക്സ് തലത്തിലേക്ക് തരം താഴുന്നതിന് സിനിമപോലുള്ള മാധ്യമങ്ങൾ ഒരു പരിധിവരെ കാരണമാണ്."

ഈ ചർച്ച ഇവിടെ അവസാനിക്കുന്നില്ല...

കാലത്തെ അതിജീവിച്ച് സിനിമ അതിന്റെ ആധിപത്യം നിലനിർത്തിക്കൊണ്ടിരിക്കുന്നു...

ഇവിടെ ഇതുവരെ സിനിമാപ്രവർത്തകരും ക്യാമ്പസ് വിദ്യാർത്ഥികളും ഇന്നിന്റെ സിനിമകളെപ്പറ്റി ചർച്ചചെയ്യുകയായിരുന്നു...

ഒന്ന് നമുക്ക് വ്യക്തമാണ്. മനുഷ്യന് ഒഴിച്ചുനിർത്താൻ പറ്റാത്ത ഒന്നായ് മാറിയിരിക്കുന്നു സിനിമ...

ചർച്ചകൾക്കുമപ്പുറം...

ഈ മാധ്യമത്തിന്റെ സാധ്യതകൾ പരന്നു കിടക്കുന്നു. അതുകൊണ്ട്തന്നെ സിനിമയുടെ ചർച്ചകൾ തുടർന്നുകൊണ്ടേയിരിക്കും...

ഷൈജു
Ist BA Sociology

# ജോൺ എന്ന താന്തോന്നിക്ക് സ്നേഹപൂർവ്വം......

പ്രിയപ്പെട്ട ജോൺ,

ലോകം നിനക്കായി വഴങ്ങില്ലെന്ന് തോന്നിയപ്പോൾ, ലോകത്തെ തനിക്കുവേണ്ടി വഴക്കിയെടുക്കുന്നിതതിന്‌വേണ്ടി മദ്യപിച്ചവനായിരുന്നു നീ.... മദ്യപിക്കുമ്പോഴൊക്കെ നീ ഒരു കുഞ്ഞിനെപ്പോലെ ലോകത്തോട് വഴക്കിടുമായിരുന്നു......

സമുദായത്തിന്റെ നഗ്നസത്യങ്ങളെ നീ എന്നു വിളിച്ചുപറഞ്ഞു... അതുകൊണ്ടുതന്നെ സമൂഹം എപ്പോഴും നിന്നെ അകറ്റി നിർത്തിയിരുന്നല്ലോ?

ഒരു മദ്യപാനിക്കും ആലോചിച്ച് കളവ് പറയാൻ കഴിയാത്തതുകൊണ്ട്, നീയും സത്യങ്ങൾ മാത്രം വിളിച്ചുപറഞ്ഞു.

മദ്യപിക്കുമ്പോൾ നി നോർമ്മലായിരുന്നു.........

അപ്പോൾ നിന്റെ കണ്ണുകൾ പറഞ്ഞു......

"എന്നെ ഒരു കുടിയനെന്നു വിളിക്കരുത്, ഞാൻ കുടിച്ചിട്ടുള്ളത്, ഞാൻ കുടിച്ച കണ്ണീരിനെ അപേക്ഷിച്ച് എത്രയോ തുച്ഛമാണ്" എന്ന്.... സിനിമ എന്നും നിനക്ക് ജീവവായുവായിരുന്നു. പട്ടിണികിടന്ന് മരിക്കേണ്ടിവന്നാലും കമ്പോളസിനിമയുടെ ലോകത്തേക്ക് പോവുകയില്ലെന്ന നീ എപ്പോഴും പറയുമായിരുന്നല്ലോ. ജനങ്ങളോട് സത്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടുള്ള യാത്രക്കിടയിൽ.



ഒരിക്കൽ നീ ഫറൂഖിലെത്തി........ ഞങ്ങളുടെ കോളേജിനടുത്ത്. ഇവിടെവെച്ചാണ് 'അമ്മ അറിയാൻ' നിന്നിൽ രൂപം കൊണ്ടത്.

നിന്റെ കാല്പാടുകൾ ഇന്നും മറഞ്ഞുപോകാതെ ഈ ഇടവഴികളിലെവിടെയൊക്കെയോ ഇന്നും ശേഷിക്കുന്നു...

നിന്നെ സ്നേഹിക്കുന്നവർ ഇപ്പോഴും ഇവിടെ ജീവിക്കുന്നു....

നക്ഷത്രങ്ങളുടെ ഇടയിലേക്ക് മറഞ്ഞെങ്കിലും നിന്റെ വാക്കുകൾ ഇന്നും പ്രതിധ്വനിക്കുന്നു.

ഇടിമുഴക്കങ്ങളായി......
വിക്ടോറിയൻ ആലസ്യമല്ല—
ജീവിതവ്രണങ്ങളിലൊഴുകുന്ന
ദുരന്തസത്യങ്ങളിലായിരുന്നു എന്നും
നീമിഴികളൂന്നിയത്.

ജോൺ...... പഴമയെ പൂർണ്ണമായും പുറംതള്ളി
പുതിയ ഒത്തുതീർപ്പുകൾക്ക് ഇവിടെ
ആരൊക്കെയോ തിടുക്കം കൂട്ടുന്നു.
ഒരിക്കലും ഒരൊത്തുതീർപ്പിനും നീം
തയ്യാറായിരുന്നില്ല......
നിന്നെ, എന്നെന്നേക്കുമായി പടികടത്തി
പിണ്ഡംവെക്കണമെന്ന് മുറവിളികൂട്ടു
ന്ന വ്യവസ്ഥാപിതബുദ്ധിജീവികളോട്
ഞങ്ങൾക്ക് തോന്നുന്നത്,
സഹതാപം മാത്രമാണ്......
കുട്ടനാട്ടിലെ പുലയരോട് സംസാരിക്കുമ്പോൾ
മണ്ണിലേക്കിറങ്ങിവന്ന്, അവരോട് സംവ
ദിക്കണമെന്നായിരുന്നു നീപറഞ്ഞത്.
നീ എല്ലാ സ്ത്രീകളേയും അമ്മയായി കണ്ടു.
രാത്രികളിൽ ഏകനായി നീ ഇങ്ങനെ
പാടുമായിരുന്നു.
"Sometimes I feel like a motherless child'
എന്ന്.........
ഒടുവിൽ........
ഒരു ബൊഹീമിയിൻഗാനം പകുതിയിൽപതറി
നിർത്തി, നീ അകന്ന്
മറഞ്ഞപ്പോൾ
ഇവിടെ നീശേഷിപ്പിച്ചത്.
നികത്താനാവാത്ത
ശൂന്യതമാത്രമായിരുന്നു.....
അതെ.......ജോൺ......
ഇപ്പോൾ ഞങ്ങൾ തിരിച്ചറിയുകയാണ്.
രാജാവിന്റെ നഗ്നത വിളിച്ചുപറഞ്ഞ
കുട്ടിയുടെ
മുഖമായിരുന്നു നിനക്കെന്ന്. □